# പാർലമെന്റുതിരഞ്ഞെടുപ്പിൽ
# കേരളത്തിൽ പ്രതിഫലിച്ചത് വിശ്വാസത്തിന്റെ വിജയം

ഇന്ത്യൻപാർലമെന്റിലേക്ക് നടന്ന തിരഞ്ഞെടുപ്പു കഴിഞ്ഞ് ശ്രീ നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ തന്നെ വമ്പിച്ച ഭൂരിപക്ഷത്തിൽ പുതിയ മന്ത്രിസഭ അധികാരമേറ്റിരിക്കുകയാണ്. എൻ.ഡി.എ. പോലും പ്രതീക്ഷിക്കാത്ത വൻവിജയമാണ് അവർ കൈവരിച്ചത്. കാരണം അവരുടെ തിരഞ്ഞെടുപ്പുതന്ത്രങ്ങളാണ്. അതിനെ ഫലപ്രദമായി നേരിടാൻ കോൺഗ്രസിനോ കൂട്ടർക്കോ കഴിഞ്ഞില്ല. ഭരണത്തിന്റെ നന്മ-തിന്മകളോ, രാജ്യം അഭിമുഖീകരിക്കുന്നതോ ജനങ്ങൾ നേരിടുന്നതോ ആയ വിഷയങ്ങളോ ഒന്നും തന്നെ തിരഞ്ഞെടുപ്പിൽ ചർച്ച ആയില്ല എന്നതാണ് വസ്തുത. എന്തായാലും, ജനങ്ങൾ എടുത്ത തീരുമാനമാണ് ശരി; ആ തീരുമാനം നിലനില്ക്കണമെങ്കിൽ ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു ഭരണം കേന്ദ്രത്തിലുണ്ടാവണം. ഒരു സൽഭരണത്തിനാവശ്യമായ ഭൂരിപക്ഷം ഭരണപക്ഷത്തിന് ജനങ്ങൾ നല്കിയിട്ടുണ്ട്. തിരഞ്ഞെടുപ്പുകഴിഞ്ഞ് അധികാരത്തിൽവരുന്ന ഗവണ്മെന്റ്, മുഴുവൻ ജനങ്ങളുടെയും ഗവണ്മെന്റാണ്. ഇവിടെ ജനാധിപത്യവും മതേതരത്വവും തുല്യനീതിയും എന്നും പുലരണമെന്ന ആഗ്രഹമാണ് ജനങ്ങൾക്കുള്ളത്. ജാതിക്കും മതത്തിനും അതീതമായും ജനഹിതം മനസ്സിലാക്കിയും രാജ്യനന്മ, ജനങ്ങളുടെ ക്ഷേമം എന്നിവ പുലരുന്ന ഒരു ഉറച്ച ഭരണം കാഴ്ചവയ്ക്കാൻ കേന്ദ്ര സർക്കാരിനു കഴിയട്ടെ എന്ന് ആശംസിക്കുന്നു.

കേരളത്തിലാകട്ടെ, കോൺഗ്രസ് നേതൃത്വം നല്കുന്ന യു.ഡി.എഫിന്റെ വിജയം കേന്ദ്രം ഭരിക്കുന്ന എൻ.ഡി.എ.യ്ക്ക് ഞെട്ടലുണ്ടാക്കി എന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. മറ്റു സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു വിധിയെഴുത്ത് ഇവിടെയുണ്ടാകാൻ കാരണം വിലയിരുത്തി ഘടകകക്ഷികളും രാഷ്ട്രീയപ്പാർട്ടികളും അവരുടെ നേതാക്കളും അവരവരുടേതായ അഭിപ്രായങ്ങൾ തട്ടിവിടുന്നുണ്ട്. ഭൂരിപക്ഷവിഭാഗത്തിന്റെ വോട്ടു മറിഞ്ഞതാണ്, അതല്ല മൈനോറിറ്റി കൺസോളിഡേഷൻ ആണ്, അതുമല്ല രണ്ടുംകൂടിയാണ് യു.ഡി.എഫിന്റെ തിളക്കമാർന്ന വിജയത്തിന് കാരണമെന്ന വിലയിരുത്തലുകളിൽ അവർ എത്തുന്നു.

യഥാർത്ഥത്തിൽ, വിശ്വാസം സംരക്ഷിക്കുന്ന കാര്യത്തിൽ ഇടതുപക്ഷസർക്കാർ എടുത്ത തെറ്റായ നടപടിയിലും അത് പരിഹരിക്കുന്ന കാര്യത്തിൽ കേന്ദ്രസർക്കാർ വരുത്തിയ വീഴ്ചയിലും ഉള്ള വിശ്വാസികളുടെ പ്രതിഷേധമാണ് കേരളത്തിലെ തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത് എന്നു കാണാവുന്നതാണ്. ശരിക്കും പറഞ്ഞാൽ, വിശ്വാസത്തെ തൊട്ടുകളിച്ചവർക്കുള്ള തിരിച്ചടിയാണ് സംസ്ഥാനത്തെ തിരഞ്ഞെടുപ്പുഫലം കാണിക്കുന്നത്. ഒരു സീറ്റിൽ മാത്രം മറിച്ചൊരു ഫലം ഉണ്ടായതിനു കാരണം, മുന്നണിയിൽതന്നെ പ്രാദേശികമായുള്ള ഭിന്നതയാണ്.

ജാതി-മതവ്യത്യാസമില്ലാതെ സർവജനങ്ങളെയും ഒരുപോലെ കാണുകയും സർവരെയും സംരക്ഷിക്കുകയും ചെയ്യുന്ന കലിയുഗവരദനായ സാക്ഷാൽ ശബരിമല ശ്രീഅയ്യപ്പസ്വാമിയോട് അനാദരവ് കാട്ടിയപ്പോൾ, ഭൂരിപക്ഷമെന്നോ ന്യൂനപക്ഷമെന്നോ വ്യത്യാസമില്ലാതെ, ജാതിക്കും മതത്തിനും അതീതമായുള്ള, വിശ്വാസിസമൂഹത്തിന്റെ പ്രതികരണമാണ് നാം കണ്ടത്.

മതപരമായ വിശ്വാസങ്ങൾക്കും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കും ഉള്ള സ്വാതന്ത്ര്യം ഇന്ത്യൻഭരണഘടനയിൽ എല്ലാ വിഭാഗങ്ങൾക്കും ഉറപ്പുനല്കുന്നുണ്ട്. അതിനെതിരെ ആരുടെ ഭാഗത്തുനിന്നും നീക്കങ്ങളുണ്ടായാലും, മതസ്വാതന്ത്ര്യവും വിശ്വാസവും സംരക്ഷിക്കുവാൻ സർക്കാരുകൾക്ക് ബാദ്ധ്യതയുണ്ട്; അവിടെ രാഷ്ട്രീയനിലപാടുകൾക്ക് പ്രസക്തിയില്ല എന്ന കാര്യം കേന്ദ്ര-സംസ്ഥാനസർക്കാരുകൾ മനസ്സിലാക്കേണ്ടതാണ്.